● ഖുർആൻ

● ഡോ. സ്വലാഹ് അബ്ദുൽ ഫത്താഹ് ഖാലിദി



# ‘തസ്ബീഹ്’ കൊണ്ടു തുടങ്ങിയ അധ്യായങ്ങളുടെ ക്രമം

ഖുർആനിൽ ‘തസ്ബീഹ്’ കൊണ്ടു തുടങ്ങിയ അധ്യായങ്ങൾ ഏഴാണ്. ഇസ്റാഅ്, ഹദീദ്, ഹശ്ർ, സ്വഫ്ഫ്, ജുമുഅഃ, തഗാബുൻ, അഅ്ല എന്നിവ. ഈ അധ്യായങ്ങൾക്കിടയിൽ വേറെ അധ്യായങ്ങൾ ഉണ്ടെങ്കിലും ഇവ തമ്മിൽ സവിശേഷ ക്രമം പാലിച്ചതായി കാണാം. അതായത്, ‘തസ്ബീഹ്’ എന്ന ക്രിയാധാതുവിന്റെ വ്യത്യസ്ത പദരൂപങ്ങൾ മേൽ അധ്യായങ്ങളുടെ തുടക്കത്തിൽ ക്രമബദ്ധമായി പ്രയോഗിച്ചിരിക്കുന്നു. ക്രിയാധാതു (المصدر), ഭൂതകാല ക്രിയ (الفعل الماضي),വർത്തമാന/ഭാവികാലം (الفعل المضارع), കൽപന ക്രിയ (فعل الأمر) എന്നതാണല്ലോ പദനിഷ്ടപത്തിക്രമം. ഉദാഹരണം:

سُبْحَانَ، سَبَّحَ، يُسَبِّحُ، سَبِّحْ

(പ്രകീർത്തനം, പ്രകീർത്തിച്ചു, പ്രകീർത്തിക്കുന്നു/ പ്രകീർത്തിക്കും, പ്രകീർത്തിക്കൂ).

തസ്ബീഹ് കൊണ്ട് തുടങ്ങിയ അധ്യായങ്ങൾ പരിശോധിക്കുമ്പോൾ അവയിൽ ഈ ക്രമം പാലിച്ചതായി കാണാം.

1) ഇസ്റാഅ് അധ്യായം ‘സുബ്ഹാന’ എന്ന ക്രിയാധാതു ഉപയോഗിച്ചാണ് ആരംഭിച്ചിരിക്കുന്നത്. കാരണം, ക്രിയാധാതുവാണ് പ്രയോഗത്തിൽ അടിസ്ഥാനം.

سُبْحَانَ الّذي أسْرَى بِعَبْده لَيْلاً مِّنَ المَسْجد الحَرَامِ إلى المَسْجد الأقْصَى الَّذِي بَارَكْنَا حَوْلَهُ لِنُرِيَهُ مِنْ آياتِنَا إنَّهُ هُوَ السَّمِيعُ البَصِيرُ (الإسراء: ١)

2) ‘സബ്ബഹ’ എന്ന ഭൂതകാല ക്രിയാരൂപം ഉപയോഗിച്ച് തുടങ്ങിയവ:

سَبَّحَ لله مَافي السَّمَاوَات والأرْضِ وَهُوَ العَزِيزُ الحَكيم (الحديد:١)

سَبَّحَ لِلَّهِ مَافِي السَّمَاوَاتِ ومَافِي الأرْضِ وَهُوَ العَزِيزُ الحَكِيم (الحشر والصف)

3) വർത്തമാന/ഭാവികാല ക്രിയാരൂപത്തിൽ:

يُسَبِّحُ لِلّهِ مَافِي السَّمَاوَاتِ وَمَافِي الأرْضِ .... (الجمعة، التغابن)

4) കൽപന ക്രിയാരൂപത്തിൽ:

سَبِّحْ اسْمَ رَبِّكَ الأعْلَى (الأعلى:١)

മേൽ അധ്യായങ്ങളിൽ കാണുന്നു تسبيح എന്ന ക്രിയാധാതുവിന്റെ ക്രമബദ്ധമായ വിവിധ രൂപങ്ങൾ ഖുർആന്റെ സ്രോതസ്സ് ദൈവികമാണെന്നതിന്റെ സാക്ഷ്യവും, ഖുർആനിലെ മനോഹരമായ കൗതുകവുമാണ്. ■